തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

221 (2501) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. എ. റ്റി. ജോർജ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പ്രവർത്തിച്ചുവരുന്നു. ആഗോളവത്ക്കരണത്തെത്തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകൾക്ക് അനുസൃതമായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുകയെന്നതാണ് KASE-ന്റെ പ്രധാന ലക്ഷ്യം.

(സി) തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യപരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(KASE)-ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ ആദ്യമായി അദ്ധ്യാപകർക്കായുള്ള മികവിന്റെ കേന്ദ്രം കോഴിക്കോട് ജില്ലയിലെ വെള്ളിപ്പറമ്പിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കുകയും അതുവഴി തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് 7 എംപ്ലോയബിലിറ്റി സെന്ററുകൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastructure and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിനായി കൊല്ലം ചവറയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സ്ഥാപനം 2016 മാർച്ച് മാസത്തിൽ പ്രവർത്തനം ആരംഭിക്കും. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽഡെവലപ്മെന്റ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOIR)അങ്കമാലിയിലെ ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെത്തന്നെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി (ഇന്റർനാഷണൽ) തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.